ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഏകദേശം 50 മീറ്റർ ഭാഗത്ത് കിൻഫ്രാ മണ്ണിട്ട് ബണ്ടു കെട്ടിയിരുന്നു. കൃഷിക്കാരുടെ ഭാഗത്തുനിന്നുള്ള എതിർപ്പുമൂലം പണി നിർത്തി വച്ചിരിക്കുകയാണ്. കെട്ടിയ ബണ്ടിന്റെ ഏതാനും ഭാഗവും പൊളിച്ചുനീക്കിയിട്ടുണ്ട്. ഇപ്പോൾ വെള്ളം സുഗമമായി ഒഴുകുന്നുണ്ട് എന്നാണ് അറിയുന്നത്. ഈ ബണ്ടു നിർമ്മാണംമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കിൻഫ്രായുടെ ചുമതലയുള്ള വ്യവസായ വകുപ്പുമന്ത്രിയെ അറിയിക്കും.

കാർഷിക മേഖലയിൽ നഷ്ടം

145 (1200) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഏപ്രിൽ, മേയ് മാസങ്ങളിലെ വേനൽ മഴയിൽ കണ്ണൂർ ജില്ലയിലെ കാർഷിക മേഖലയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നഷ്ടപരിഹാരമായി സർക്കാരിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എന്തു തുക കൃഷിക്കാർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സർക്കാരിൽ നിന്നും ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്ന് വിശദീകരിക്കാമോ ;

(ഡി) കൃഷിനാശം സംഭവിച്ചതിന്റെ ഭാഗമായി നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും കർഷകന് പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 1998 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വിളകൾക്കായി 10147 കർഷകർക്ക് മൊത്തം 292.4639 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(ബി, സി & ഡി) ജൂൺമാസത്തിൽ സംസ്ഥാന വ്യാപകമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് മാത്രമേ നഷ്ട പരിഹാരം നൽകുവാൻ ഇപ്പോൾ വ്യവസ്ഥയുള്ളൂ. ആകയാൽ റവന്യൂ വകുപ്പിൽനിന്നും നഷ്ടപരിഹാരം ലഭ്യമാക്കാൻ ഫണ്ട് അനുവദിച്ചിട്ടില്ല.

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

146 (1201) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 വർഷത്തിലുണ്ടായ വേനൽമഴയിലും കാലവർഷത്തിലുമായി കണ്ണൂർ ജില്ലയിൽ കാർഷിക മേഖലയിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly